**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6115** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംരംഭകത്വ വർഷം പദ്ധതിയുടെ ഭാഗമായി ഓരോ വർഷവും പുതുതായി ആരംഭിച്ച സംരംഭങ്ങളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | 2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതിന്റെ ഭാഗമായി സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് പരമാവധി ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. 30/3/2022-നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.<br><br>ഈ പദ്ധതിയിൽ ഇതുവരെ 135,551 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2023 മാർച്ച് 13 വരെയുള്ള കണക്ക് പ്രകാരം ജില്ലാ തലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| **ജില്ല** | **ലക്ഷ്യം** | **തുടങ്ങിയ സംരംഭങ്ങളുടെ എണ്ണം** | **നേട്ടം (%)** |
|---|---|---|---|
| തിരുവനന്തപുരം | 14902 | 13991 | 93.89 |
| കൊല്ലം | 11775 | 11900 | 101.06 |
| പത്തനംതിട്ട | 5408 | 5457 | 100.91 |
| ആലപ്പുഴ | 9666 | 9905 | 102.47 |
| കോട്ടയം | 8834 | 7804 | 88.34 |
| ഇടുക്കി | 5007 | 3891 | 77.71 |
| എറണാകുളം | 14610 | 13489 | 92.33 |
| തൃശ്ശൂർ | 13533 | 13650 | 100.86 |
| പാലക്കാട് | 12721 | 11911 | 93.63 |
| മലപ്പുറം | 18601 | 11731 | 63.07 |
| കോഴിക്കോട് | 13925 | 12000 | 86.18 |
| വയനാട് | 3687 | 3900 | 105.78 |
| കണ്ണൂർ | 11366 | 11583 | 101.91 |
| കാസർഗോഡ് | 5965 | 4339 | 72.74 |
| **ആകെ** | **150000** | **135,551** | **90.37** |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നേരിട്ടോ മറ്റ് ധനകാര്യ, സഹകരണ സ്ഥാപനങ്ങൾ വഴിയോ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ? | (ബി) | സംരംഭകത്വം പദ്ധതിയുടെ ഭാഗമായി "ഒരു കുടുംബം ഒരു സംരംഭം" എന്ന പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 01/04/2022 ന് ശേഷം പ്രവർത്തനം ആരംഭിച്ച എം.എസ്.എം.ഇ യൂണിറ്റുകൾക്ക് ബാങ്ക് വായ്പയുടെ 10 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് 5 വർഷത്തേയ്ക്ക് 6% പലിശ സർക്കാർ നൽകുന്നതാണ്. യൂണിറ്റ് തുടങ്ങി 6 മാസക്കാലം കഴിഞ്ഞാണ് അപേക്ഷിക്കാൻ അർഹമാവുകയുള്ളു എന്നതിനാൽ അപേക്ഷകൾ ലഭിച്ചുവരുന്നതേയുള്ളു. നാളിതുവരെ വിവധ ജില്ലകളിൽ നിന്നായി ലഭിച്ച 747 അപേക്ഷകളിൽ 149 എണ്ണം അംഗീകരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ